# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5583

02.11.2016 ൽ മറുപടിയ്ക്ക്

## കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ. എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) | കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണം സംബന്ധിച്ച വിഷയം പഠിക്കുന്നതിനുള്ള വിദഗ്ധ സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ സമിതിയുടെ ഘടനയും അംഗങ്ങൾ ആരെല്ലാമാണെന്നും അറിയിക്കുമോ; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സ.ഉ(സാധ ാ)നം.488/16/സഹ തീയതി 28.09.2016 പ്രകാരം സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ അംഗങ്ങൾ, ഘടന എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്നു.<br>1. ശ്രീ.എം.എസ്.ശ്രീറാം, പ്രൊഫസർ, ഐ.ഐ.എം. ബാംഗ്ലൂരു, - ചെയർമാൻ<br>2. ശ്രീ.വി.എസ്.സെന്തിൽ, ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് വകുപ്പ് - അംഗം<br>3. ശ്രീ.സി.പി.മോഹൻ, ചീഫ് ജനറൽ മാനേജർ (റിട്ടയേർഡ്) നബാർഡ് - അംഗം.<br>4. ശ്രീ.റ്റി.പി.ബാലകൃഷ്ണൻ, ജനറൽ മാനേജർ (റിട്ടയേർഡ്) യൂണിയൻ ബാങ്ക് - അംഗം<br>5. ശ്രീ.പി.വേണുഗോപാൽ, ഐ.എ.എസ്, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ് - മെമ്പർ സെക്രട്ടറി |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം വിഷയങ്ങളാണ് പ്രസ്തുത സമിതിയുടെ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് വ്യക്തമാക്കാമോ; | (ബി) | സമിതിയുടെ പഠനത്തിൽ താഴെപ്പറയുന്ന വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് (ദ്വിതല ഘടന) ഘടനാമാറ്റത്തിലൂടെ സഹകരണ ബാങ്കിംഗ് നടപ്പാക്കുക എന്നതിന്റെ ശക്തി, ദൗർബല്യം, സാധ്യത, ഭീഷണി (SWOT) എന്നിവ മതിയായ വിവരശേഖരണങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനാത്മക റിപ്പോർട്ട് തയ്യാറാക്കുക.<br>2. സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ 31.03.2016-ലെ കണക്ക് പ്രകാരമുള്ള ആസ്തിബാധ്യതകൾ സംയോജിപ്പിക്കുകയും പ്രസ്തുത സംയോജനത്തിനു ശേഷം ഒരൊറ്റ ബാങ്ക് എന്ന നിലയിലുള്ള കണക്ക് അടിസ്ഥാനപ്പെടുത്തി ഭാവിയിലെ പ്രതീക്ഷിത നില തയ്യാറാക്കുകയും പ്രസ്തുത വിവരം അടിസ്ഥാനപ്പെടുത്തി നബാർഡ്/റിസർവ്വ് ബാങ്ക് എന്നിവയിൽ നിന്നുമുള്ള അംഗീകാരം ലഭിക്കണമെന്നുള്ള കാഴ്ചപ്പാടോടെ വിശദമായ ഒരു പദ്ധതി തയ്യാറാക്കുക.<br>3. സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കുകളിലേയും നിലവിലെ മനുഷ്യ വിഭവശേഷി വിലയിരുത്തി നിലവിലെ തസ്തികകൾ സംയോജിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുക, പുതിയ ഒരു ഘടനാ സംവിധാനവും പരിപാടിയും, സംയോജനത്തിനു ശേഷം ജീവനക്കാരുടെ റിക്രൂട്ട്മെന്റ്, ട്രെയിനിംഗ്, പ്രൊഫഷണൽ വികസനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളും സമർപ്പിക്കുക.<br>4. ഓരോ ബാങ്കിലും നിലവിൽ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ (കോർബാങ്കിംഗ്) വിലയിരുത്തുകയും, സാങ്കേതിക വിദ്യാ സംയോജനം സംബന്ധിച്ച് പ്രായോഗിക നിർദ്ദേശം സമർപ്പിക്കുകയും ചെയ്യുക. സംയോജനത്തിനു ശേഷം എല്ലാവിധ |

ആധുനിക ബാങ്കിംഗ് സാങ്കേതിക വിദ്യകളും സ്വായത്തമാക്കുന്നതിന് ആയതിന്റെ ചെലവുമായി ബന്ധപ്പെട്ടുത്തിയുള്ള കാര്യക്ഷമത കൂടെ വിശദമാക്കുക. പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലേക്കു കൂടി സാങ്കേതിക വിദ്യാ സേവനങ്ങൾ വിപുലപ്പെടുത്താൻ കഴിയുന്നതിന് സാധ്യമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

5. സഹകരണ സംഘം നിയമങ്ങളിലും ചട്ടങ്ങളിലും ബൈലോകളിലും (പ്രാഥമിക സംഘങ്ങളുടെതുൾപ്പെടെ) വേണ്ടി വരുന്ന ഭേദഗതികൾ നിർദ്ദേശിക്കുക.
6. റിസർവ്വ് ബാങ്ക്/നബാർഡിൽ നിന്നും നിയമപരമായ അനുമതികൾ ലഭിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ശുപാർശകളും സമർപ്പിക്കുക.
7. നബാർഡ് /റിസർവ്വ് ബാങ്കിൽ നിന്നും അംഗീകാരം നേടി സംയോജനം വിജ്ഞാപനം നടത്തുന്നതിനാവശ്യമായ നിയമപരമായ വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളും ശുപാർശകളും സംഘടിപ്പിക്കുക.
8. പുതുതായി രൂപീകരിക്കുന്ന കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന് വ്യക്തവും വിശദവുമായ ഒരു ലക്ഷ്യം (കാഴ്ചപ്പാട്) തയ്യാറാക്കുക.
9. കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന് വേണ്ടി ഒരു മാതൃക പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുക.
10. പുതിയ നിക്ഷേപ-വായ്പാ പദ്ധതികൾ, സേവനങ്ങൾ പുതിയ ബാങ്കിന്റെ പ്രചരണം, ബ്രാൻഡ് വികസനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക.
11. പുതിയ ബാങ്ക് രൂപീകരിച്ചതിനു ശേഷം അംഗസംഘങ്ങളും/ബാങ്കുകളും മറ്റ്സഹകരണ ബാങ്കുകൾ/സംഘങ്ങൾ എന്നിവയുമായുള്ള പരസ്പരബന്ധങ്ങൾ ഏതു രീതിയിലായിരിക്കണമെന്നുള്ള

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ സമർപ്പിക്കുക.<br>12. വിദഗ്ധ കമ്മിറ്റിക്ക് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട/യുക്തമായ മറ്റ് നിർദ്ദേശങ്ങളോ അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ അത് സമർപ്പിക്കുക. |
| (സി) | സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളുടെയും പ്രതിനിധികളുടെയും, ജീവനക്കാരുടെയും അഭിപ്രായം സ്വരൂപിക്കുന്നതിന് പ്രസ്തുത സമിതിക്ക് ഉദ്ദേശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഉണ്ട്. അഭിപ്രായ രൂപീകരണത്തിന്റെ ഭാഗമായി ജില്ലാ സഹകരണ ബാങ്കുകളുടെയും, സംസ്ഥാന സഹകരണ ബാങ്കിന്റെയും ഭരണസമിതി അംഗങ്ങളുമായുള്ള ചർച്ച ആസൂത്രണം ചെയ്തിട്ടുണ്ട്. അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ടുള്ള അറിയിപ്പ് പത്രമാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ